പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 3553 24.06.2013 -ൽ മറുപടിയ്ക്ക്

ആദിവാസികളുടെ വായ്പ എഴുതിത്തള്ളൽ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. എ.കെ.ബാലൻ | ശ്രീമതി.പി.കെ.ജയലക്ഷ്മി (പട്ടിക വർഗ്ഗ ക്ഷേമവും യുവജനകാര്യവും കാഴ്ച ബംഗ്ലാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി) |
| (എ) ആദിവാസി ജനവിഭാഗങ്ങൾ വിവിധ ധനകാര്യ സഹകരണ സ്ഥാപനങ്ങളിൽ നിന്നും എടുത്തിട്ടുള്ള വായ്പകൾ എഴുതി തള്ളുന്നതിന് നിലവിൽ പദ്ധതികൾ ഉണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശങ്ങൾ നൽകുമോ; | (എ) 12.11.09-ലെ സർക്കാർ ഉത്തരവ് (അച്ചടി) 100/2009/പജപവവിവ പ്രകാരം പട്ടിക വർഗ്ഗക്കാർ വിവിധ സർക്കാർ വകുപ്പുകൾ, സഹകരണ സ്ഥാപനങ്ങൾ, കോർപ്പറേഷനുകൾ എന്നിവിടങ്ങളിൽ നിന്നും എടുത്തിട്ടുള്ളതും 31.03.2006-ൽ തിരിച്ചടവ് കാലാവധി കഴിഞ്ഞതും കുടിശ്ശികയായതുമായ 25,000/-രൂപയിൽ താഴെയുള്ള വായ്പകളിൽ മുതലും, സ്ഥാപനങ്ങൾ മറ്റ് ധനകാര്യ സ്ഥാപനങ്ങൾക്ക് നൽകാനുള്ള പലിശയും ഉൾപ്പെടെ 25,000/- രൂപ വരെ സർക്കാർ വഹിക്കുന്നതിനും ഇതിന് മുകളിൽ വരുന്ന പലിശ, പിഴപലിശ മറ്റ് ചെലവുകൾ എന്നിവ അതാത് സ്ഥാപനങ്ങൾ എഴുതിത്തള്ളുന്നതിനും സർക്കാർ ഉത്തരവായിരുന്നു. കൂടാതെ 25,000/- രൂപയ്ക്ക് മുകളിലുള്ളതും കുടിശ്ശികയായിട്ടുമുള്ള വായ്പകളിൽ മുതലും സ്ഥാപനങ്ങൾ മറ്റ് ധനകാര്യസ്ഥാപനങ്ങൾക്ക് നൽകാനുള്ള പലിശയും ഉൾപ്പടെ 25,000/- രൂപ വരെ സർക്കാർ വഹിക്കുന്നതിനും ഇതിനു മുകളിൽ വരുന്ന പിഴപലിശ, വായ്പ ഈടാക്കാൻ ഉണ്ടായിട്ടുള്ള ചെലവ്, മറ്റ് ധനകാര്യ സ്ഥാപനങ്ങൾക്ക് നൽകേണ്ട പലിശയിൽ കൂടുതലായി സ്ഥാപനം ഈടാക്കിയിട്ടുള്ള പലിശ എന്നിവ അതാത് സ്ഥാപനങ്ങൾ എഴുതി തള്ളുന്നതിനും ആയതിൽ ഉത്തരവായിരുന്നു. കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ വികസന |

കോർപ്പറേഷനിൽ ഈ പദ്ധതിയുടെ സമയപരിധി 26.3.13-ലെ സ.ഉ.(കൈ) നം.28/2013/പജപവവിവ നമ്പർ ഉത്തരവ് പ്രകാരം 30.6.2013 വരെ ദീർഘിപ്പിച്ചിട്ടുണ്ട്. കൂടാതെ കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷനിൽ നിന്നും വായ്പ എടുത്ത് കുടിശ്ശിക ആയിട്ടുള്ളതും 1.4.2006 മുതൽ 31.3.2011 വരെയുള്ള കാലയളവിൽ തിരിച്ചടവ് കാലാവധി കഴിഞ്ഞിട്ടുള്ളതുമായ വായ്പകളുടെ പിഴപലിശ പൂർണ്ണമായും പലിശ 50% -വും ഇളവ് ചെയ്ത് നടപ്പിലാക്കുന്ന ഒരു ഒറ്റതവണ തീർപ്പാക്കൽ പദ്ധതിയും നിലവിലുണ്ട്. ഈ പദ്ധതിയുടെ കാലാവധിയും 30.6.2013 വരെ ദീഘിപ്പിച്ചിട്ടുണ്ട്.

(ബി) കടക്കെണിയിൽപ്പെടുന്ന ആദിവാസികളെ സഹായിക്കുന്നതിനും കൂടുതൽ സഹായങ്ങൾ ലഭ്യമാക്കു ന്നതിനും കടാശ്വാസ പദ്ധതി നടപ്പാക്കുമെന്ന 2011-12-ലെ ബജറ്റ് പ്രഖ്യാപനം നടപ്പാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(സി) എങ്കിൽ ആവിഷ്ക്കരിച്ച പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ; എന്ത് തുക ഇതിനായി നീക്കിവെച്ചിട്ടുണ്ട്; എത്ര പേർക്ക് ആയതിന്റെ ആനുകൂല്യം നൽകി; എന്ത് തുകയുടെ ആശ്വാസം നൽകി; വ്യക്തമാക്കുമോ;

(ബി) & (സി) 12.11.2009-ലെ സ.ഉ (പി) 100/2009/ പജപവവിവ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ഉത്തരവായ കടാശ്വാസ പദ്ധതിയിൽ സർക്കാർ വഹിക്കുന്ന പരമാവധി തുക 25,000/- രൂപയിൽ നിന്നും 50,000/- ആയി വർദ്ധിപ്പിച്ച്, ടി പദ്ധതിയുടെ കാലാവധി ദീർഘിപ്പിച്ച് നൽകുന്ന കാര്യം സർക്കാർ പരിശോധിച്ചു വരികയാണ്.

(ഡി) വായ്പകൾ എഴുതിത്തള്ളണമെന്നാവശ്യപ്പെട്ട് അട്ടപ്പാടിയിലെ ആദിവാസികൾ അപേക്ഷ നൽകിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

(ഡി) വായ്പ എഴുതിത്തള്ളൽ പദ്ധതി പ്രകാരം ഗുണഭോക്താക്കളുടെ ലിസ്റ്റ് അതാത് സ്ഥാപനങ്ങൾ നേരിട്ടാണ് നൽകേണ്ടത്. ഇത്തരത്തിലുള്ള അപേക്ഷകളൊന്നും വകുപ്പിൽ ലഭ്യമായിട്ടില്ല.

K J

സെക്ഷൻ ഓഫീസർ